(ബി) സൗജന്യമായാണ് പതിച്ചുനൽകിയത്.

318 (1509) തിരുവനന്തപുരം താലൂക്കിൽ കാർഷിക കോളേജിന് കൈമാറികിട്ടിയ കായൽ പുറമ്പോക്ക്

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ വെങ്ങാനൂർ വില്ലേജിലെ സർവ്വെ 236/1-ൽപ്പെട്ട കായൽ പുറമ്പോക്ക് റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്നും കാർഷിക കോളേജിന് കൈമാറിക്കിട്ടിയത് എന്നാണ്;

(ബി) റവന്യൂ റിക്കാർഡുപ്രകാരം എത്ര ഭൂമിയാണ് കൈമാറിയത്; കൈമാറിയ അത്രയും ഭൂമി കാർഷിക കോളേജിന്റെ കൈവശം കിട്ടിയോ; ഇല്ലെങ്കിൽ കിട്ടിയ ഭൂമി എത്രയാണ്;

(സി) ബാക്കി ഭൂമിയുടെ കൈവശക്കാർ അവരുടെ കൈവശഭൂമിക്ക് പട്ടയം ആവശ്യപ്പെട്ട് നൽകിയ ഹർജിയിൻമേൽ കോളേജധികൃതരുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് റവന്യൂ അധികൃതർക്ക് കത്തയച്ചിരുന്നുവോ;

(ഡി) 1991-ൽ തിരുവനന്തപുരം താലൂക്ക് തഹസിൽദാരും 1998-ൽ തിരുവനന്തപുരം ജില്ലാ കളക്ടറും അയച്ച കത്തുകൾക്ക് കോളേജധികൃതർ മറുപടി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് നൽകിയത്;

(ഇ) വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 26.9.1955-ൽ.

(ബി) വെങ്ങാനൂർ വില്ലേജിൽ സർവ്വേ 236/1-ൽപ്പെട്ട 38.87 ഏക്കർ ഭൂമിയാണ് കാർഷിക കോളേജിന് കൈമാറിയിട്ടുള്ളത്.

(സി) അയച്ചിരുന്നു.

(ഡി)&(ഇ) വെങ്ങാനൂർ വില്ലേജിലെ സർവെ 236/1-ൽ 38.87 ഏക്കർ കായൽ തരിശ് ഉള്ളതും അത്രയും ഭൂമി കാർഷിക കോളേജിന് കൈമാറിയിട്ടുള്ളതുമാണ്. ഇതിൽ 40 സെന്റ് സ്ഥലം ശ്രീ. നാണുജ്ഞാനശീലന്റെയും 20 സെന്റ് സ്ഥലം ശ്രീ. ഗംഗാധരന്റെയും കൈവശമാണ്. സ്ഥലം കോളേജിന്റേതാണെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്.

319 (1510) റോഡ് നിർമ്മാണത്തിന് സ്ഥലം വിട്ടുകൊടുക്കാൻ നടപടി

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പരപ്പനങ്ങാടി ആനപ്പടി ഗവൺമെന്റ് എൽ. പി. സ്കൂളിന്റെ സ്ഥലം റോഡുനിർമ്മാണത്തിന് വിട്ടുകൊടുക്കുന്നതിന് മൂന്നാഴ്ചയ്ക്കുള്ളിൽ നടപടി സ്വീകരിക്കുവാൻ 16.7.98-ൽ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നുവോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ നടപടികൾ ഏതുവരെയായി;

LIBRARY ARCHIVES Kerala Legislative Assembly